## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1577 — 18.6.2012 ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മരണപ്പെടുന്നവരുടെ ആശ്രിതർക്കു നൽകുന്ന ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഏതെല്ലാം വിധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കാണ് ധനസഹായം നൽകുന്നത് ;<br><br>(ബി) ഓരോന്നിനും പരമാവധി എത്ര രൂപയുടെ ധനസഹായം അനുവദിക്കുമെന്നും ആയതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ ? | (എ) & (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അപകടമരണത്തിനിരയാകുന്നവരുടെ ആശ്രിതർക്കു 30,000/- രൂപ വീതവും ഇടിമിന്നൽ മൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്കു 1,00,000/- രൂപയും കടൽക്ഷോഭം മൂലമുണ്ടാകുന്ന ദുരന്തത്തിൽ മരിക്കുന്ന മുതിർന്നവരുടെ ആശ്രിതർക്കു 1,00,000/- രൂപയും, കുട്ടികളാണെങ്കിൽ 50,000/- രൂപയും അനുവദിക്കുന്നു. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/ റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി 2,00,000/- രൂപ വീതവും അനുവദിക്കുന്നു. സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ ആശ്രിതർക്കു പ്രാഥമിക സഹായമായി 1,00,000/- രൂപ വീതവും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനങ്ങൾക്ക് വിധേയമായി കൂടുതൽ തുകയും അനുവദിക്കാറുണ്ട്. |

1,00,000/- രൂപയിൽ താഴെ വാർഷികവരുമാന പരിധിയുള്ള സമൂഹ ത്തിലെ ദുർബല വിഭാഗത്തിൽ പ്പെട്ടവരുടെ കുടുംബങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത്. അപേക്ഷകർ വരുമാന സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ, പോസ്റ്റ് മോർട്ടം റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കണം

സെക്ഷൻ ഓഫീസർ